പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *337 26.06.2012 ൽ മറുപടിയ്ക്ക്

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നിർമ്മാണത്തിന് അനുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.എ.കെ.ബാലൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) | അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നിർമ്മാണത്തിന് അനുമതി നിഷേധിച്ച കേന്ദ്ര നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രത്തിന് കത്തെഴുതിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മാധവ്ഗാഡ്ഗിൽ കമ്മിറ്റി എതിർത്തിട്ടും മറ്റ് ഏതെങ്കിലും സംസ്ഥാനത്തെ, മുൻപ് അനുമതി നിഷേധിച്ച പദ്ധതി പുന:പരിശോധിക്കാൻ കേന്ദ്രം തയ്യാറായതായി സംസ്ഥാനത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള വിദഗ്ദ്ധ സമിതി (എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി ഫോർ റിവർവാലി ആന്റ് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്)യുടെ 10.02.2012, 11.02.2012 തീയതികളിൽ കൂടിയ 55-മത്തെ മീറ്റിംഗിൽ, മാധവ് ഗാഡ്ഗിൽ കമ്മിറ്റി വിയോജിപ്പ് പ്രകടിപ്പിച്ച കർണ്ണാടക സംസ്ഥാനത്തെ ഗുണ്ടിയ ജലവൈദ്യുത പദ്ധതിയ്ക്ക് പാരിസ്ഥിതിക അനുമതി നൽകുവാൻ ശുപാർശ ചെയ്യാൻ തീരുമാനിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അതിരപ്പിള്ളി പദ്ധതിക്ക് എത്ര തവണ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്; | (സി) | അതിരപ്പിള്ളി ജലവൈദ്യുതപദ്ധതിയ്ക്ക് മൂന്നു തവണ (20.01.1998, 10.02.2005, 18.07.2007 എന്നീ തീയതികളിൽ) കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ |

(....2)

| | |
|---|---|
| | പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. |
| (ഡി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് അതിരപ്പിള്ളിയിൽ നിന്ന് ഉല്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിരുന്നത്; | (ഡി) 163 മെഗാവാട്ട് |
| (ഇ) അതിരപ്പിള്ളി പദ്ധതി പ്രാവർത്തികമാക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രത്തിന് അയച്ച കത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ? | (ഇ) കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്